നം.കെ.എസ്എ-കെടിഎം.പി.4-1831/2016 തീയതി 05.12.2016

# കോട്ടയം ജില്ലയിലെ മരങ്ങാട്ടുപിള്ളി ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

**(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)**

കോട്ടയം ജില്ലയിലെ മരങ്ങാട്ടുപിള്ളി ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.04.16 മുതൽ 16.11.2016 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം 10 ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 7 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ 26.11.2016 ലെ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരളാ സ്റ്റേറ്റ് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീമതി സിനി എം.വി, ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 19/11/2016മുതൽ 26/11/2016 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ. എം എൻ. രാധാകൃഷ്ണൻ | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) |
| | ശ്രീ.സുമേഷ് .പി.വി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.അമ്പിളി യു | ഓഡിറ്റർ |
| | ശ്രീമതി ഷീല വി.ആർ | ഓഡിറ്റർ |

## (ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ. ബെൽജി ഇമ്മാനുവൽ | 01/04/15 മുതൽ 30/11/15 വരെ |
| | ഡോ.റാണി ജോസഫ് | 01/12/15 മുതൽ 31/03/16 വരെ |
| സെക്രട്ടറി | ശ്രീമതി.രതി റ്റി നായർ,അസി.സെക്രട്ടറി(സെക്രട്ടറി ഇൻ ചാർജ്) | 01/04/15 മുതൽ 22/07/15വരെയും<br>4.01.16 മുതൽ 31.3.16 വരെയും |
| | ശ്രീമതി സി ശ്യാമളാദേവി | 23.07.15 മുതൽ 3.01.16 വരെ |

## വിവിധ സ്റ്റാന്റിംഗ് കമ്മറ്റികൾ

| സ്റ്റാന്റിംഗ് കമ്മറ്റി | പേര് | കാലയളവ് |
|---|---|---|
| ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി | ശ്രീമതി പ്രസീത സജീവ്<br>ശ്രീ മാർട്ടിൻ അഗസ്റ്റിൻ | 1.04.15-30.11.15<br>1.12.15-31.3.16 |
| ക്ഷേമകാര്യസ്റ്റാന്റിംഗ് കമ്മറ്റി | ശ്രീമതി നിർമ്മല ദിവാകരൻ<br>ശ്രീ ജോണിനെല്ലരി | 1.04.15-30.11.15<br>1.12.15-31.3.16 |
| ആരോഗ്യവിദ്യാഭ്യാസസ്റ്റാന്റിംഗ് കമ്മറ്റി | ശ്രീമതി ഓമനശിവശങ്കരൻ<br>ശ്രീ ജോസഫ് ജോസഫ് | 1.04.15-30.11.15<br>1.12.15-31.3.16 |
| വികസനസ്റ്റാന്റിംഗ് കമ്മറ്റി | ശ്രീ സിറിയക്ക്മാത്യു<br>ശ്രീമതി ആൻസമ്മസാബു | 1.04.15-30.11.15<br>1.12.15-31.3.16 |

**നിർവ്വഹണഉദ്യോഗസ്ഥർ**

| | | |
|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീമതി രതി റ്റി. നായർ | 01/04/15 മുതൽ 31/03/16 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ.സോജൻ കെ. എസ്. | 01/04/15 മുതൽ 31/03/16 വരെ |
| കൃഷിഓഫീസർ | ശ്രീമതി പ്രീതാ പോൾ<br>ശ്രീമതി റീന കുര്യൻ | 01/04/15മുതൽ14/06/15വരെ<br>15/6/15 മുതൽ 31/3/16 വരെ |
| സീനിയർ വെറ്ററിനറിസർജൻ | ഡോ.മേരി ജെയിംസ് | 01/04/15മുതൽ31/03/16വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി ജൂലി ജോസ് | 01/04/15മുതൽ31/03/16വരെ |
| വി.ഇ.ഒ | ശ്രീ.ബിലാൽ കെ റാം | 01/04/15മുതൽ31/03/16വരെ |
| ഐ.സി.ഡി.എസ്.സൂപ്പർവൈസർ | ശ്രീമതി സുലോചന പി.എസ് | 01/04/15മുതൽ 31/03/16 വരെ |
| മെഡിക്കൽ ഓഫീസർ പി.എച്ച്.സി | ഡോ. വിനയജോർജ്<br>ഡോ.മാത്യു ജി.മുരിക്കൻ | 01/04/15മുതൽ31/07/15വരെ<br>01/08/15മുതൽ31/03/16വരെ |
| മെഡിക്കൽ ഓഫീസർ ആയുർവ്വേദം | ഡോ.കെ. ആർ. ഇന്ദിര | 01/04/15 മുതൽ 31/03/16 വരെ |
| മെഡിക്കൽഓഫീസർ<br>ഹോമിയോ | ഡോ. മിനികുമാരി പി<br>ഡോ.സുമ കെ ബി<br>ഡോ സുനിത ജോർജ് | 01/04/15 മുതൽ 24/09/15 വരെ<br>25/09/15 മുതൽ 15/01/16 വരെ<br>16/01/16 മുതൽ 31/03/16 വരെ |
| ഹെഡ്മിസ്ട്രസ് | ശ്രീമതി വി.പി.ഉഷാകുമാരി | 01/04/15 മുതൽ 31/03/16 വരെ |

| വിഷയം | ഖണ്ഡിക നമ്പർ |
|---|---|
| ഭാഗം 1-പൊതു അവലോകനം | |
| ബജറ്റ് | 1-1 |
| വാർഷിക ധനകാര്യപത്രിക | 1-2 |
| വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1-3 |
| സാമ്പത്തിക വിശകലനം | 1-4 |
| ഫണ്ട് വിനിയോഗം | 1-5 |
| പദ്ധതി അവലോകനം | 1-6 |
| തനത് വരുമാനം | 1-7 |
| തനത് ഫണ്ട് ചെലവുകൾ | 1-8 |
| ക്ഷേമ പദ്ധതികൾ | 1-9 |
| ക്യാഷ് വെരിഫിക്കേഷൻ | 1-10 |
| ആഭ്യന്തരനിയന്ത്രണം | 1-11 |
| മറ്റ് ഓഡിററുകൾ നടത്തിയതിന്റെ വിവരം | 1-12 |
| ഭാഗം 2-വരവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| വാർഷികകണക്കുകളുടെ അവലോകനം | 2-1 |
| തൊഴിൽനികുതി/സ്ഥാപനതൊഴിൽനികുതി | 2-2 |
| കള്ള് ഷാപ്പുകളുടെ തൊഴിൽനികുതി | 2-3 |
| ഡി&ഒ ലൈസൻസ് | 2-4 |
| ഭാഗം 3--ചെലവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| കന്നുകുട്ടിപരിപാലനം-കാലിത്തീറ്റ വിതരണം | 3-1 |
| കാരുണ്യഫാർമ്മസി-മരുന്ന് വിതരണം | 3-2 |
| വിനിയോഗസാക്ഷ്യപത്രം | 3-3 |
| ഭവനനിർമ്മാണം പൂർത്തിയാക്കാത്തവർ | 3-4 |
| ഭാഗം 4--പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| സംയുക്ത പ്രോജക്കുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരം | 4-2 |
| മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |

| | |
|---|---|
| വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| ഓഡിറ്റ് റിക്കവറി | 4-6 |
| സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |
| ഓഡിറ്റ് സാക്ഷ്യപത്രം | അനുബന്ധം-1 |
| ബാലൻസ് ഷീറ്റ് | അനുബന്ധം-2 |
| ഇൻകം അന്റ് എക്സ്പെൻഡിച്ചർ | അനുബന്ധം-3 |
| റസീപ്റ്റ് ആന്റ് പെയ്മെന്റ് | അനുബന്ധം-4 |


# ഭാഗം -1
# പൊതു അവലോകനം
# പൊതു അവലോകനം

## 1-1 ബജറ്റ്

2015-16 വർഷത്തെ പുതുക്കിയ ബജറ്റ് 22/02/2016 തിയതിയിലെ 9-ാം നംപർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരം പ്രതീക്ഷിച്ച വരവും യഥാർത്ഥത്തിലുള്ള വരവും തമ്മിലുള്ള അന്തരം ചുവടെ ചേർക്കുന്നു.

| ഇനം | പ്രതീക്ഷിച്ചത് | യഥാർത്ഥത്തിലുള്ളത് | വ്യത്യാസം | |
|---|---|---|---|---|
| | | | കൂടുതൽ | കുറവ് |
| മുന്നിരിപ്പ് | 7105869 | 16516686 | 9410817 | - |
| വരവ് | 85736912 | 52372723 | | 33364189 |
| ആകെ | 92842781 | 68889409 | | 23953372 |
| ചെലവ് | 87689113 | 56385908 | | 31303205 |
| നീക്കിയിരിപ്പ് | 5153668 | 12503501 | 7349833 | |

ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷിക ധനകാര്യപത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എൻട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2016 | 29.06.16 | പ്രാഥമിക പരിശോധന നടത്തിയിട്ടില്ല | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2015-16 | പ്രാഥമിക പരിശോധന നടത്തിയിട്ടില്ല | പരിശോധനാ സർട്ടിഫിക്കറ്റ് ഇതൊന്നിച്ച് ചേർത്തിട്ടുണ്ട് |

## 1-4 സാമ്പത്തിക വിശകലനം

മുന്നിരിപ്പ് -16516686

വരവ് -52372723

ആകെ -68889409

ചെലവ് -56385908

നീക്കിയിരിപ്പ്-12503501

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ട്രാൻസ്ഫർ ക്രഡിറ്റ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | *1292000 | 4627162 | 5919162 | 5919162 | 0 | - | |
| വികസനഫണ്ട് എസ്.സി.പി. | 0 | 1385000 | 1385000 | 1385000 | 0 | - | |
| വികസനഫണ്ട് ടി.എസ്.പി. | 0 | 50000 | 50000 | 50000 | 0 | - | |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 4297000 | 4297000 | 4297000 | 0 | - | |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 2320000 | 2320000 | 2320000 | 0 | - | |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 2841267 | 2841267 | 2841267 | 0 | 826670 | |
| പെർഫോമൻസ് ഗ്രാന്റ് | 2274000 | 1874000 | 4148000 | 4148000 | 0 | 2274000 | |
| എം.എൻ.ആർ.ഇ.ജി.എസ്. | 31869 | 5311699 | 5343568 | 5343568 | 0 | | |
| ബി ഫണ്ട് | 0 | 15013775 | 15013775 | 15013775 | 0 | | |

*വാർഷിക കണക്കുകൾ പ്രകാരം പ്രാരംഭബാക്കി 1292000 രൂപയാണ് . NRHM ന്റെ ബെസ്റ്റ് പഞ്ചായത്ത് അവാർഡിന്റെ നീക്കിയിരിപ്പായ 150000 രൂപ ഉൾപ്പെടെ.

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| 137 | 48290811 | 123 | 24807271 | 14 | 87.6 |

2015-16 വാർഷിക പദ്ധതിക്ക് ഉത്തരവ് നം. 490/2015/DPC/DPO/KTM തീയതി 22.05.2015 പ്രകാരം അംഗീകാരം ലഭിച്ചു.

**പദ്ധതി ആസൂത്രണം**

പദ്ധതി ആസൂത്രണവുമായി ബന്ധപ്പെട്ട് വർക്കിങ് ഗ്രൂപ്പ് യോഗങ്ങൾ 18.12.14 തീയതിയിലും പദ്ധതി ആസൂത്രണഗ്രാമസഭകൾ 17.1.15 മുതൽ 25.1.15 തീയതികളിലും വികസനസെമിനാർ 2.3.15 തീയതിയിലും

ഗുണഭോക്തൃലിസ്റ്റ് അംഗീകാരം സംബന്ധിച്ച ഗ്രാമസഭകൾ 13.6.15 മുതൽ 21.6.15 വരെയുള്ള തീയതികളിലും കൂടിയിട്ടുണ്ട്.

**<u>പദ്ധതിയുടെ നേട്ടങ്ങളും കോട്ടങ്ങളും</u>**

**<u>നേട്ടങ്ങൾ</u>**

1. ഉല്പാദനമേഖലയുടെ വളർച്ചയെ സഹായിക്കുന്ന സമഗ്രവിളപരിപാലനപദ്ധതി നെൽകൃഷി വികസനം, കന്നുകുട്ടിപരിപാലനം, മുട്ടക്കോഴി വിതരണം ക്ഷീരകർഷകർക്ക് ഇൻസെൻറീവ് മുതലായ പ്രോജക്ടുകൾ നടപ്പാക്കി.
2. സേവനമേഖലയിൽ ആയുർവ്വേദ ആശുപത്രിയ്ക്ക് മരുന്ന് വാങ്ങൽ, ഹോമിയോമരുന്ന് വാങ്ങൽ, അനുപൂരകപോഷകാഹാരപദ്ധതി, വിവിധ അങ്കണവാടികളുടെ മെയിന്റനൻസ്, പാലിയേറ്റീവ് കെയർ, ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ്, ഭവനപുനരുദ്ധാരണം, മാലിന്യനിർമ്മാർജനത്തിനായി ഉറവിടമാലിന്യനിർമ്മാർജനം തുടങ്ങിയ പ്രോജക്ടുകൾ നടപ്പാക്കി.
3. പശ്ചാത്തല മേഖലയിൽ വിവിധ റോഡുകളുടെ ടാറിംഗ്, കോൺക്രീറ്റിംഗ്, തുടങ്ങിയ പ്രോജക്ടുകളും നടപ്പിലാക്കിയിട്ടുണ്ട്.
4. പട്ടികജാതി വിഭാഗക്കാർക്കായി ഭവനപുനരുദ്ധാരണം,പെൺകുട്ടികൾക്ക് വിവാഹധനസഹായം, OLH കോളനി സാംസ്കാരികനിലയം മെയിന്റനൻസ്, ചേലൂർമല സാംസ്കാരികനിലയം നിർമ്മാണം തുടങ്ങിയ പ്രോജക്ടുകളും നടപ്പാക്കി

**<u>കോട്ടങ്ങൾ</u>**

1. പട്ടികവർഗ്ഗ വിഭാഗത്തിനുള്ള സേവനം ഒരു വിദ്യാർത്ഥിക്ക് സൈക്കിൾ വാങ്ങി നൽകിയതിൽ ഒതുങ്ങി. മാത്രമല്ല ചെലവഴിക്കാതെ വന്ന 45000 രൂപ പ്രത്യേക പ്രോജക്ട് രൂപീകരിച്ച് തിരികെ അടക്കേണ്ടിവന്നു.
2. ഐ.എസ്. ഒ സർട്ടിഫിക്കേഷൻ, ഉറവിട മാലിന്യനിർമ്മാർജനപദ്ധതി, തെരുവു വിളക്കുകളുടെ മെയിന്റനൻസ്, തെരുവു വിളക്കിന് സാധനം വാങ്ങൽ എന്നീ പ്രധാന പ്രോജക്ടുകൾക്ക് തുക വകയിരുത്തിയിരുന്നെങ്കിലും ചെലവഴിച്ചില്ല.
3. വിവിധ ലൈൻഎക്സ്റ്റൻഷൻ പ്രവർത്തികൾ, തെരുവുനായ വന്ധ്യംകരണം, ഐ.എ.വൈ ധനസഹായം, പശ്ചിമഘട്ട വികസനപദ്ധതികൾ എന്നിവയ്ക്കായി വിവിധ സ്ഥാപനങ്ങളിലേക്ക് നൽകിയ 2047576 രൂപയുടെ വിനിയോഗവിവരങ്ങൾ ലഭ്യമായില്ല.
4. ആകെ പദ്ധതി അടങ്കലിന്റെ 51% മാത്രമേ ചെലവഴിച്ചുള്ളൂ.

## 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തിക വർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം കുറവുണ്ടായി.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം |
|---|---|---|---|
| നികുതി വരവുകൾ | 3708339 | 2324130 | (-)1384209 |
| നികുതിയേതര വരവുകൾ | 1299701 | 557723 | (-)741978 |
| മറ്റുവരവുകൾ | 3391 | 157595 | (+)154204 |
| ആകെ | 5011431 | 3039448 | (-)1971983 |

മുൻ വർഷത്തെ അപേക്ഷിച്ച് തനതുഫണ്ട് വരുമാനത്തിലുണ്ടായ ഗണ്യമായ കുറവ് ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-8 തനതു ഫണ്ട് ചെലവുകൾ

തനതു ഫണ്ട് ചെലവുകളുമായി ബന്ധപ്പെട്ട രജിസ്റ്ററുകളുടെ സൂക്ഷിപ്പ് പൊതുവെ തൃപ്തികരമാണ്.

1-9 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 62160 | 46 |
| കർഷകതൊഴിലാളി പെൻഷൻ | 1891650 | 235 |
| വിധവാപെൻഷൻ | 4323880 | 417 |
| വാർദ്ധക്യകാലപെൻഷൻ | 6912570 | 882 |
| വികലാംഗപെൻഷൻ | 1455175 | 132 |
| അൻപതു വയസ്സിനു മുകളിലുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 265840 | 25 |

1-10 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധ 22/11/2016 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ക്യാഷ് ബാലൻസിന്റെ (2914രൂപ) കൃത്യത ബോധ്യപ്പെട്ടു.

1-11 ആഭ്യന്തരനിയന്ത്രണം.

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണ്. ഓഫീസ് ഉത്തരവുകൾ മുഖാന്തിരം വിവിധ സെക്ഷനുകളിലെ ജോലികളും ഉത്തരവാദിത്തങ്ങളും കൃത്യമായി നിർണ്ണയിച്ചിട്ടുണ്ട്. ഫ്രണ്ട് ഓഫീസിൽ സൂക്ഷിക്കേണ്ട രജിസ്റ്ററുകൾ കൃത്യമായി എഴുതി സൂക്ഷിച്ചുവരുന്നു. വസ്തുനികുതി വിവരങ്ങൾ സഞ്ചയ സോഫ്റ്റ്‌വയറുമായി ബന്ധിപ്പിക്കുന്ന പ്രവൃത്തി (മാപ്പിംഗ്)പൂർത്തിയായിട്ടില്ല. അഡ്വാൻസ് രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ, ബിൽ രജിസ്റ്റർ എന്നിവ സൂക്ഷിച്ചിട്ടുണ്ട്.ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി പ്രതിമാസ ചെലവുകൾ പാസ്സാക്കുന്നുണ്ട്. വൗച്ചറുകൾ പ്രസിഡന്റ് സാക്ഷ്യപ്പെടുത്തി അധികൃതമാക്കിയിട്ടുമുണ്ട്.

പഞ്ചായത്തിന്റെ പ്രവർത്തനങ്ങളെ മുൻനിർത്തി 2014-15 വർഷം ഗ്രാമപഞ്ചായത്തിന് കേന്ദ്രസർക്കാറിന്റെ "രാജീവ് ഗാന്ധി പഞ്ചായത്ത് ശശാക്തീകരൺ അഭിയാൻ പുരസ്കാർ" ലഭിച്ചിട്ടുണ്ട്(1500000രൂപ). ടി തുകയിൽ 1089144 രൂപ തൻവർഷം വിവിധ റോഡ്കോൺക്രീറ്റിംഗ്, ലൈൻഎക്സ്റ്റൻഷൻ പ്രവർത്തികൾ, ഷോപ്പിംഗ് കോംപ്ളക്സ് മെയിന്റനൻസ്, വെയിറ്റിംഗ്ഷെഡ് നിർമ്മാണം എന്നീ പ്രവൃത്തികൾക്കായ് ചെലവഴിച്ചു .

1-12 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 21.07.16 | 06/16 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 24.02.15-09.03.15 | 2009/10-2013/14 | LBA(HQ)11/8A-2278/15 DTD 19.05.2015 |

## ഭാഗം -2

# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

2-1 വാർഷിക കണക്കുകളുടെ അവലോകനം

2015-16 ലെ വാർഷിക കണക്കുകളുടെ അപാകതകൾ ചുവടെ ചേർക്കുന്നു.

ആസ്തികളുടെ വിവരങ്ങൾ ക്രോഡീകരിച്ച് സചിത്രസോഫ്റ്റ് വെയറുമായി സംയോജിപ്പിക്കണമെന്ന സർക്കാർ നിർദ്ദേശം (ജി.ഒ(എം.എസ്)152/11/LSGD .26.7.11) പാലിച്ചിട്ടില്ല.

## 2-2 തൊഴിൽ നികുതി, സ്ഥാപനതൊഴിൽ നികുതി ഈടാക്കിയിട്ടില്ല

പഞ്ചായത്തിലെ തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം താഴെപ്പറയുന്ന സ്ഥാപനങ്ങൾ തൊഴിൽ നികുതി, സ്ഥാപനതൊഴിൽ നികുതി അടവാക്കിയിട്ടില്ല എന്നു കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനം | ജീവനക്കാരുടെ തൊഴിൽ നികുതി | സ്ഥാപനതൊഴിൽ നികുതി |
|---|---|---|---|
| 1 | ആൽഫാ മരിയ ഇംഗ്ളീഷ് മീഡിയം സ്കൂൾ | രണ്ടാം അർദ്ധവർഷം | രണ്ടാം അർദ്ധവർഷം |
| 2 | മാവേലി സ്റ്റോർ, മരങ്ങാട്ടുപിള്ളി | ഒന്നാം അർദ്ധവർഷം | ഒന്നുംരണ്ടും അർദ്ധവർഷം |
| 3 | ക്ഷീരോത്പാദക സഹകരണസംഘം, കുറുര്യനാട്. | - | ഒന്നുംരണ്ടും അർദ്ധവർഷം |
| 4 | ക്ഷീരോത്പാദക സഹകരണസംഘം, മണ്ണയ്ക്കനാട്. | രണ്ടാം അർദ്ധവർഷം | ഒന്നുംരണ്ടും അർദ്ധവർഷം |
| 5 | ഹൈകെയർ ഗ്ളൗസ് പ്രൈവറ്റ് ലിമിറ്റഡ്. | ഒന്നും രണ്ടും അർദ്ധവർഷം | -- |
| 6 | ക്ഷീരോത്പാദക സഹകരണസംഘം,, നെല്ലിത്താനത്ത് മല | ഒന്നും രണ്ടും അർദ്ധവർഷം | - |
| 7 | ക്ഷീരോത്പാദക സഹകരണസംഘം, ആണ്ടൂർ. | - | ഒന്നും രണ്ടും അർദ്ധവർഷം |

ടി സ്ഥാപനങ്ങളിൽ നിന്നും അടിയന്തിരമായി തൊഴിൽനികുതി ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-3 കള്ളുഷാപ്പുകളുടെ തൊഴിൽനികുതി, സ്ഥാപനതൊഴിൽ നികുതി എന്നിവ അടയ്ക്കുന്നില്ല.

പഞ്ചായത്തിലെ തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന കള്ളുഷാപ്പുകൾ നാളിതുവരെ ജീവനക്കാരുടെ തൊഴിൽ നികുതിയും സ്ഥാപനതൊഴിൽ നികുതിയും അടവാക്കിയിട്ടില്ല. മുൻ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടും ഈ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 204 (1) പ്രകാരം പഞ്ചായത്ത് പരിധിയിൽ 60 ദിവസത്തിൽ കൂടുതൽ ഇടപാട് നടത്തുന്ന ഏതൊരു വ്യക്തി/ സ്ഥാപനങ്ങൾ തൊഴിൽ നികുതി അടയ്ക്കാൻ ബാദ്ധ്യസ്ഥരാണ്. ആയതിനാൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ കള്ളുഷാപ്പുകളിൽ നിന്നും നിയമാനുസൃതമായി തൊഴിൽ നികുതി, സ്ഥാപനതൊഴിൽ നികുതി നിർണ്ണയിച്ച് ഈടാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-4 ഡി&ഒ ലൈസൻസ് അപേക്ഷ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ

2015-16 സാമ്പത്തിക വർഷത്തിൽ ഡി& ഒ ലൈസൻസ് അനുവദിക്കുന്നതിനും പുതുക്കുന്നതിനും ലഭിച്ച അപേക്ഷപരിശോധനയിൽ താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

| ക്രമനം | പേര്, മേൽവിലാസം | സ്ഥാപനം | അപാകതകൾ |
|---|---|---|---|
| | | | |

| | | | |
|---|---|---|---|
| 1 | എമ്മാനുവൽ അഗസ്റ്റ്യൻ, ചിറ്റക്കാട്ടുതടത്തിൽ | പാറമട | എക്സ്പ്ളോസീവ് സാക്ഷ്യപത്രം – 31-03-2012 വരെ |
| 2 | എമ്മാനുവൽ അഗസ്റ്റ്യൻ, ചിറ്റക്കാട്ടുതടത്തിൽ | മെറ്റൽക്രഷർ | സംസ്ഥാനമലിനീകരണനിയന്ത്രണ ബോർഡ് നിരാക്ഷേപ പത്രം -30-06-2015 |
| 3 | ബിജു കെ.ജോസഫ് . | പാറമട | മയിനിംഗ്&ജീയോളജി നിരാക്ഷേപ പത്രം -5-02-2015, എക്സ്പ്ളോസീവ് സാക്ഷ്യപത്രം -31-03-2012 വരെ |
| 4 | പി.ജെ തോമസ്, വെട്ടിക്കാട്ടു പാറ | മെറ്റൽക്രഷർ | സംസ്ഥാനമലിനീകരണ നിയന്ത്ര ബോർഡ് നിരാക്ഷേപ പത്രം -30-06-2015, ഫാക്ടറീസ്&ബോയിലേഴ്സ് നിരാക്ഷേപ പത്രം-31-12-15 |
| 5 | രാജേഷ് വി.എസ്സ്, വട്ടക്കാട്ടിൽ | മാരുതി വർക്ക്ഷോപ്പ് | ലൈസൻസ് ഫീസ്, തൊഴിൽ നികുതിഈടാക്കിയതിൽ കുറവ്(1805-750) |
| 6 | പി.പി.തങ്കൻ, ചിറ്റയാംവീട്ടിൽ | റബ്ബർ,പ്ളാസ്റ്റിക്ക് മോൾഡുകൾ ഇരുമ്പിൽ നിർമ്മിക്കുന്ന വ്യവസായം. | 2012-13 മുതൽ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു. |
| 7 | ജോസഫ് മാത്യു, മുടവനാൽ പകലോമറ്റം | എണ്ണപനപഴം സംസ്ക്കരിച്ച് ക്രൂഡ്ഓായിൽ നിർമ്മാണം | സംസ്ഥാനമലിനീകരണ നിയന്ത്രണ ബോർഡ് നിരാക്ഷേപ പത്രം -30-06- 2015 വരെ. |

ഇതു സംബന്ധിച്ചു നൽകിയ ഓഡിറ്റ് അന്വോഷണകുറിപ്പിന്(നം-9) മറുപടിലഭിച്ചിട്ടില്ല.

പഞ്ചായത്തിൽ ലൈസൻസ് അനുവദിക്കുന്നതിനും, പുതുക്കുന്നതിനും ലഭിക്കുന്ന അപേക്ഷകളോടൊപ്പം സമർപ്പിക്കുന്ന അനുബന്ധരേഖകളുടെയും, നിരാക്ഷേപ പത്രങ്ങളുടെയും കാലയളവ്, തൊഴിൽനികുതി അടവ് എന്നിവ പരിശോധിച്ച് അന്വേഷണറിപ്പോർട്ട് തയ്യാറാക്കി ലൈസൻസ് നൽകാൻ ശ്രദ്ധിക്കേണ്ടതാണ്.

## ഭാഗം-3--ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 കന്നുകുട്ടിപരിപാലനം-കാലിത്തീറ്റവിതരണം തടസ്സപ്പെട്ടു

പ്രോജക്ട് നമ്പർ-8/16

ചെലവ്-625000(വികസനഫണ്ട്)

നിർവ്വഹണോദ്യോഗസ്ഥ-വെറ്റിനറിസർജൻ

100 കന്നുകുട്ടികൾക്ക് കാലിത്തീറ്റ വിതരണം ചെയ്യുന്നതിനായി വികസനഫണ്ട് വിഹിതമായ് 625000 രൂപ പിൻവലിച്ച് ഡി ഡി നമ്പർ 955845/27.10.15 പ്രകാരം കോട്ടയം കാഫ് ഫീഡ് സബ്സിഡിപ്രോഗ്രാം അസിസ്റ്റന്റ് ഡയറക്ടർക്ക് നൽകിയിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് കമ്മറ്റിയുടെ 4.9.15 ലെ 5(1) നമ്പർ തീരുമാനപ്രകാരം നെല്ലിത്താനത്തുമല ക്ഷീരോൽപ്പാദകസംഘത്തെ കാലിത്തീറ്റ വിതരണം ചെയ്യുന്നതിനായി തെരഞ്ഞെടുത്തു.22.12.15 ൽ കിടാരികളെ ഇൻഷ്വർ ചെയ്തു.1/16 ൽ കാലിത്തീറ്റ വിതരണം ആരംഭിച്ചു. സംഘത്തിന്റെ രജിസ്റ്റർ പരിശോധിച്ചപ്പോൾ 1/16 മുതൽ 6/16 വരെ മാത്രമേ കാലിത്തീറ്റ വിതരണം നടത്തിയത് രേഖപ്പെടുത്തിയതായി കണ്ടുള്ളൂ. കാലിത്തീറ്റവിതരണ ഏജൻസി സമരത്തിലായതിനാലാണ് വിതരണം നടത്താനാവാത്തതെന്നാണ് വെറ്റിനറിസർജൻ വ്യക്തമാക്കിയത്. കാലിത്തീറ്റ വിതരണം ചെയ്യാത്തത് പ്രോജക്ടിന്റെ ഉദ്ദേശലക്ഷ്യത്തെ തന്നെ പ്രതികൂലമായി ബാധിച്ചു. കാലിത്തീറ്റ വിതരണം ചെയ്യാത്ത കാലയളവിലെ പ്രതിമാസ കാലിത്തീറ്റയുടെ മൂല്യം കണ്ടെത്തി വികസനഫണ്ടിലേക്ക് തിരിച്ചടക്കുകയോ തുടർപ്രോജക്ടിൽ ക്രമീകരിക്കുകയോ ചെയ്യേണ്ടതാണ്.

3-2 കാരുണ്യ ഫാർമസിയിൽ നിന്ന് മരുന്ന് ലഭ്യമാക്കിയിട്ടില്ല.

പ്രോജക്ട് നമ്പർ 18/16

നിർവ്വഹണോദ്യോഗസ്ഥൻ-മെഡിക്കൽ ഓഫീസർ, പി.എച്ച്.സി

പി.ച്ച്.സിയിൽ പാലിയേറ്റീവ് കെയർ പദ്ധിയുടെ ഭാഗമായി രോഗികൾക്ക് മരുന്നും, ബെഡും കേരള മെഡിക്കൽ സർവീസ് കോർപ്പറേഷന്റെ കാരുണ്യ ഫാർമസിയിൽ നിന്ന് വാങ്ങുന്നതിന് 59000/-രൂ. (ഡി.ഡി.നം.674265, തിയതി.31-03-16) നൽകിയിട്ടുണ്ട്. നാളിതുവരെ മരുന്ന് ലഭ്യമാക്കിട്ടില്ല. മരുന്ന് ലഭ്യമാക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

3-3 വിനിയോഗസാക്ഷ്യപത്രം ലഭ്യമായില്ല

ചുവടെ ചേർക്കുന്ന ചെലവു തുകകളുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ/പേര് | നിർവ്വഹണോദ്യോഗസ്ഥൻ | ചെലവ് തുക/ഫണ്ട് | വൗച്ചർ നമ്പർ/ ഡി.ഡി നമ്പർ |
|---|---|---|---|---|
| 1 | 143/16, തെരുവു നായ വന്ധ്യംകരണം | വെറ്റിനറി സർജൻ | 200000 തനത് ഫണ്ട് | 955547/22.9.15 സെക്രട്ടറി, ജില്ലാപഞ്ചായത്ത് |
| 2 | 77/16,IAY അധികസഹായം(എസ്.സി) | അസിസ്റ്റന്റ്സെക്രട്ടറി | 291500 (വി.ഫ) 8500(തനത്ഫണ്ട്) | 21500612/28.11.15 21500831/18.2.16 21500911/29.2.16 21500840/22.9.16 ബി.ഡി.ഒ, ഉഴവൂർ ബ്ളോക്ക് പഞ്ചായത്ത് |
| 3 | 161/16 പശ്ചിമഘട്ടവികസനം, മണിയാക്കുപാറ വാട്ടർഷെഡിനു പഞ്ചായത്ത് വിഹിതം | സെക്രട്ടറി | 644766(വികസനഫണ്ട്) | 956913/15.3.16 കൃഷിഓഫീസർ, മരങ്ങാട്ടുപിള്ളി ഗ്രാമപഞ്ചായത്ത് |
| 4 | 162/16 പശ്ചിമഘട്ടവികസനം, ഉഴവൂർ വാട്ടർഷെഡിനു പഞ്ചായത്ത് വിഹിതം | സെക്രട്ടറി | 367479(വികസനഫണ്ട്) | 956919/15.3.16 കൃഷിഓഫീസർ, ഉഴവൂർ ഗ്രാമപഞ്ചായത്ത് |
| 5 | 146/16 വെള്ളാക്കാവ്-പന്നിക്കോട്ട് സ്ട്രീറ്റ്മയിൻ | സെക്രട്ടറി | 66490(വികസനഫണ്ട്) | 956751/20.2.16 അസിസ്റ്റന്റ് എഞ്ചിനീയർ, കെ.എസ്.ഇ.ബി മരങ്ങാട്ടുപിള്ളി |
| 6 | 105/16 പൂവത്തുങ്കൽ-പെരുന്താനം | സെക്രട്ടറി | 14742(തനത്ഫണ്ട്) | 956082/15.12.15 |

| | | | | |
|---|---|---|---|---|
| | സ്ട്രീറ്റ്‌മയിൻ | | | അസിസ്റ്റന്റ് എഞ്ചിനീയർ, കെ.എസ്.ഇ.ബി മരങ്ങാട്ടുപിള്ളി |
| 7 | 80/16 കുറിച്ചിത്താനം-ശാസ്താംപാറ സ്ട്രീറ്റ്‌മയിൻ | സെക്രട്ടറി | 59712(അവാർഡ് തുക) | 956082/15.12.15 അസിസ്റ്റന്റ് എഞ്ചിനീയർ, കെ.എസ്.ഇ.ബി മരങ്ങാട്ടുപിള്ളി |
| 8 | 79/16 അറിഞ്ഞുപുഴ-വള്ളോംകുന്ന് സ്ട്രീറ്റ്‌മയിൻ | സെക്രട്ടറി | 20547(അവാർഡ് തുക) | 956082/15.12.15 അസിസ്റ്റന്റ് എഞ്ചിനീയർ, കെ.എസ്.ഇ.ബി മരങ്ങാട്ടുപിള്ളി |
| 9 | 78/16 കുറിച്ചിത്താനം പള്ളി-വില്ലേജ് ജംഗ്ഷൻ സ്ട്രീറ്റ്‌മയിൻ | സെക്രട്ടറി | 45406(അവാർഡ് തുക) | 956082/15.12.15 അസിസ്റ്റന്റ് എഞ്ചിനീയർ, കെ.എസ്.ഇ.ബി മരങ്ങാട്ടുപിള്ളി |
| 10 | 81/16 വെള്ളാക്കാവ്-അമ്പലം സ്ട്രീറ്റ്‌മയിൻ | സെക്രട്ടറി | 81114(വികസനഫണ്ട്) | 956080/15.12.15 അസിസ്റ്റന്റ് എഞ്ചിനീയർ, കെ.എസ്.ഇ.ബി മരങ്ങാട്ടുപിള്ളി |
| 11 | 82/16 ആണ്ടൂർ ക്ഷേത്രം-പടിഞ്ഞാറ്റുംകര സ്ട്രീറ്റ്‌മയിൻ | സെക്രട്ടറി | 199636(വികസനഫണ്ട്) | 956084/15.12.15 അസിസ്റ്റന്റ് എഞ്ചിനീയർ, കെ.എസ്.ഇ.ബി മരങ്ങാട്ടുപിള്ളി |
| 12 | 91/16 വെള്ളാന-പുല്ലുവട്ടം സ്ട്രീറ്റ്‌മയിൻ | സെക്രട്ടറി | 47684(വികസനഫണ്ട്) | 956084/15.12.15 അസിസ്റ്റന്റ് എഞ്ചിനീയർ, കെ.എസ്.ഇ.ബി മരങ്ങാട്ടുപിള്ളി |
| | | **ആകെ** | **2047576** | |

അപാകത ചൂണ്ടിക്കാട്ടി നൽകിയ എൻക്വയറിക്ക് (നമ്പർ 7) മറുപടി ലഭ്യമായില്ല. വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കുന്നതിലേക്കായി **20,47,563** രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

3-4 ഭവന നിർമ്മാണം- പണിപൂർത്തികരിച്ചിട്ടില്ല.

പഞ്ചായത്ത് നടപ്പിലാക്കിയ വിവിധ ഭവന നിർമ്മാണ പദ്ധതികളിൽ ഉൾപ്പെട്ട ചുവടെ ചേർക്കുന്ന ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തികരിച്ചിട്ടില്ല.

1) പഞ്ചായത്ത് ഭവനനിർമ്മാണ പദ്ധതി (15-16 ൽ ആരംഭിച്ചു)

| ക്രമനംമ്പർ | പേര്,മേൽവിലാസം | നിലവിലെ സ്ഥിതി | നൽകിയ തുക |
|---|---|---|---|
| 1. | രമേശ്, തുണ്ടത്തിൽ | ഉത്തരപ്പൊക്കം | 1,80000/- |
| 2. | ബാബു കെ.എ,കറ്റുവെട്ടിയേൽ | ഭിത്തി | 1,80000/- |
| 3. | മറിയം, വരിക്കാപ്പിള്ളിൽ | മേൽക്കൂര | 1,80000/ |
| 4. | ജോർജ്, കല്ലടയിൽ | തറപണി | 80000/- |
| 5. | ജോസഫ്അന്തോണി | തറപണി | 80000/- |
| 6. | ഭാസ്കരൻ, നെടുംപാറയിൽ | ഉത്തരപ്പൊക്കം | 1,00000/- |
| 7. | രാജമ്മ, മണ്ഡപത്തിൽ | തറപണി | 80000/- |

2. ഇ.എം.എസ്സ് ഭവനപദ്ധതി.

| ക്രമനംമ്പർ | പേര്,മേൽവിലാസം | നിലവിലെ സ്ഥിതി | നൽകിയ തുക |
|---|---|---|---|
| 1. | ദേവസ്യ, ഇല്ലത്തുപറമ്പിൽ | പൂർത്തീകരിച്ചു | അവസാനഗഡു നൽകാനുണ്ട് |
| 2. | എ.ജെ ജോസ്, അരീക്കുഴിക്കര | തറ പൂർത്തീകരിച്ചു | 22500 |
| 3. | ജോസ്ജോസഫ്, തെക്കേതവളാങ്കുഴി | പൂർത്തീകരിച്ചു | അവസാനഗഡു നൽകാനുണ്ട് |
| 4. | ഗോപാലകൃഷ്ണൻ, കോലടിയിൽ | ഭിത്തിപ്പൊക്കം | 67500 |
| 5. | സോളിസേവ്യർ,മൈലക്കൽ | പൂർത്തീകരിച്ചു | അവസാനഗഡു നൽകാനുണ്ട് |
| 6 | തങ്കച്ചൻ,നെടുംപാറയിൽ | ഭിത്തിപ്പൊക്കം | 52500 |
| 7 | ജലദാസ്,പുത്തൻപറമ്പിൽ | പൂർത്തീകരിച്ചു | അവസാനഗഡു നൽകാനുണ്ട് |
| 8 | ഭാർഗ്ഗവിനാരായണൻ,തുപ്പൻകുടിയിൽ | ഭിത്തിപ്പൊക്കം | 52500 |

ടി ഗുണഭോക്താക്കളുടെ ഭവനനിർമ്മാണം പൂർത്തിയാക്കുവാനാവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്. ഭവന നിർമ്മാണത്തിന്റെ പുരോഗതി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## ഭാഗം -3
## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4
## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും


4-1 സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

**4-2. ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ**

ഓഡിറ്റ് വർഷത്തിൽ ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടില്ല.

### 4-3. മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുകയൊന്നും നൽകിയിട്ടില്ല.

### 4-4. വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

1)ഇ.എം.എസ് ഭവനപദ്ധതി

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവ സാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് ഭവന പദ്ധതി | ജി.ഒ.ആർ.റ്റി.884/2010 എൽ.എസ്.ജി.ഡി. തീ. 16.03.10 | 8971500 | 245481 | 245481 | - | 0 |

2)പഞ്ചായത്ത് ഭവനപദ്ധതി

| വകയിരുത്തിയ തുക/ബാങ്ക് | തൻവർഷം എടുത്ത ലോൺ | തൻവർഷം തിരിച്ചടവ് | വർഷാവ സാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|
| 11200000 രൂപ എസ്.സി.ബി മരങ്ങാട്ടുപിള്ളി | 3320000 | 283495 | 3036505 |

### 4-5. സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 25000 |
| തൻവർഷം നിക്ഷേപിച്ച തുക | ഇല്ല |
| ആകെ | 25000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 25000 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| നമ്പർ 44037തീയതി 2.01.08, മരങ്ങാട്ടുപിള്ളി സർവ്വീസ് സഹകരണ ബാങ്ക് | 15000 |
| നമ്പർ 50596തീയതി 11.2.10, മരങ്ങാട്ടുപിള്ളി സർവ്വീസ് സഹകരണ ബാങ്ക് | 10000 |
| ആകെ | 25000 |

### 4-6. ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 15507/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 1997-98 | 11 | 15452 | കെ.ബി സുരേഷ്, സെക്രട്ടറി, മരങ്ങാട്ടുപിള്ളി ഗ്രാമപഞ്ചായത്ത് | 11503101275/ 3/12/15 |
| 2013-14 | 4.1 | 55 | കെ.റ്റി സുകുമാരൻ | 11503101235/ 19/11/15 |

**4-7. സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.**

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പു പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2008-09 | 3-3 | 2011-12 | 2-6 | നിക്ഷേപപ്രവർത്തികൾ നടപടിക്രമങ്ങൾ പാലിക്കുന്നില്ല<br>KSEB 97360 | - |
| | | 1998 | II 9(1) | നോമിനേഷൻ മസ്റ്റർ റോൾ സൂക്ഷിക്കാതെ കൂലി നൽകിയ പ്രവണത-ഉപാധിരഹിത ഫണ്ട് ഇനത്തിൽ വിവിധ പദ്ധതികളുടെ നടത്തിപ്പിനായി 1.10.96 മുതൽ 31.3.97 വരെ പഞ്ചായത്ത് ഫണ്ടിൽ നിന്നും പിൻവലിച്ച തുക 190077 രൂപ | - |

**4-8. ഓഡിറ്റ് പ്രത്യവലോകനം**

**(എ) സംക്ഷിപ്ത വിവരം**

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 68889409 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 56385908 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 2047576 |

(ബി). **പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**- ഇല്ല

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-3(1) | 200000 | ഡോ.മേരിജെയിംസ്, സീനിയർ വെറ്ററിനറിസർജൻ |

| | | |
|---|---|---|
| 3-3 (2) | 300000 | ശ്രീമതി രതി,അസിസ്റ്റന്റ് സെക്രട്ടറി |
| 3-3 (3) മുതൽ 3-3(12) വരെ | 1547576 | സെക്രട്ടറി, മരങ്ങാട്ടുപിള്ളി ഗ്രാ.പ |

**(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>**

ഇല്ല

**(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>** - ഇല്ല

**(ഇ)<u>റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ - ഇല്ല</u>**

**4-9. <u>തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ</u>**

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നു പുറപ്പെടുവിച്ച എറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1998-99 | എൽ.എഫ്.കെ.പി4/312/എ.ഡി.എൽ/14/29.5.14 |
| പ്ളാൻ 00-01,01-02 | എൽ.എഫ്.കെ.പി10/1357/07 തീയ്യതി 20.6.2008 |
| 00-01 | എൽ.എഫ്.കെ.പി1/960/അദാ/ കെ2/1 29/8/11 |
| 2003-04 | എൽ.എഫ്.കെ.പി4/309/14/14.7.14 |
| 2004-05 | എൽ.എഫ്.കെ.പി4/407/15 തീയ്യതി 16.4.16 |
| 2005-06 | എൽ.എഫ്.കെ.പി4/407/15 തീയ്യതി 16.4.16 |
| 2006-07 | എൽ.എഫ്.കെ.പി4/407/15 തീയ്യതി 16.4.16 |
| 2007-08 | എൽ.എഫ്.കെ.പി4/407/15 തീയ്യതി 16.4.16 |
| 2008-09 | എൽ.എഫ്.കെ.പി4/407/15 തീയ്യതി 16.4.16 |
| 2009-10 | എൽ.എഫ്.കെ.പി4/407/15തീയ്യതി 16.4.16 |
| 2010-11 & 2011-12 | എൽ.എഫ്.കെ.പി4/407/15 തീയ്യതി 16.4.16 |
| 2012-13 | എൽ.എഫ്.കെ.പി.4/407/15 തീയ്യതി 16.4.16 |
| 2013-14 | എൽ.എഫ്.കെ.പി.4/264/15 തീയ്യതി 31.3.16 |
| 2014-15 | എൽ.എഫ്.കെ.പി.4/1124/16 തീയ്യതി 3.8.16 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

**ഡെപ്യൂട്ടി ഡയറക്ടർ,**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,**
**ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം**

# ഓഡിറ്റ് സർട്ടിഫിക്കറ്റ്

**നം.കെ.എസ്എ-കെടിഎംപി.4-1831/2016** **തീയതി 05.12.2016**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

**ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം.**
**ഫോൺ: 04812564886**
**ഇ-മെയിൽ: doktm.ksad@kerala.gov.in**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ നാലാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ അവലംബിച്ചും കോട്ടയം ജില്ലയിലെ **മരങ്ങാട്ടുപിള്ളി ഗ്രാമപഞ്ചായത്തിന്റെ 2015-16** വർഷത്തെ വാർഷിക ധനകാര്യസ്റ്റേറ്റ്മന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ **മരങ്ങാട്ടുപിള്ളി ഗ്രാമപഞ്ചായത്തിന്റെ 2015-16-ലെ** വാർഷിക ധനകാര്യപത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിയ്ക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു. ഇത് തയ്യാറാക്കിയത് 1994 ലെ കേരളാപഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പും 2011 ലെ കേരളാ പഞ്ചായത്ത് രാജ് അക്കൗണ്ടിംഗ് ചട്ടങ്ങളും അനുസരിച്ചാണ്.

**ഡെപ്യൂട്ടി ഡയറക്ടർ,**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,**
**ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം**